ctabudarr@gmail.com



അബൂദർറ് എടയൂർ

# പരിധികളില്ലാത്ത സ്വദഖ

عَنْ أَبِي ذَرٍّ رضي الله عنه رَفَعَهُ إِلَى النَّبِيِّ ﷺ قَالَ: إِفْرَاغُكَ فِي دَلْوِ أَخِيكَ مِنْ دَلْوِكَ صَدَقَةٌ، وَأَمْرُكَ بِالْمَعْرُوفِ وَنَهْيُكَ عَنِ الْمُنْكَرِ صَدَقَةٌ، وَتَبَسُّمُكَ فِي وَجْهِ أَخِيكَ صَدَقَةٌ، وَهِدَايَتُكَ الطَّرِيقَ مِنْ أَرْضِ الضَّلَالَةِ لَكَ صَدَقَةٌ

നബി(സ) പറഞ്ഞതായി അബൂദർറ്(റ) ഉദ്ധരിക്കുന്നു: നിന്റെ ബക്കറ്റിൽനിന്ന് സഹോദരന്റെ ബക്കറ്റിലേക്ക് വെള്ളം ഒഴിച്ചുകൊടുക്കുന്നത് സ്വദഖയാണ്. നീ നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നത് സ്വദഖയാണ്. നിന്റെ സഹോദരന്റെ മുഖത്തുനോക്കി പുഞ്ചിരിക്കുന്നത് സ്വദഖയാണ്. വഴിതെറ്റിയ ആൾക്ക് ശരിയായ വഴി പറഞ്ഞുകൊടുക്കുന്നത് സ്വദഖയാണ് (ബുഖാരി/അൽഅദബുൽ മുഫ്റദ്).

നന്മയുടെ നീരുറവയിൽനിന്ന് നിർഗളിക്കുന്ന, സ്നേഹ സാഹോദര്യങ്ങൾ കൊണ്ട് മനുഷ്യസമൂഹത്തെ ബന്ധിക്കുന്ന ഒരു തിരുവചനമാണിത്. ഒരാൾ മറ്റൊരാൾക്ക് പണമോ മറ്റു വസ്തുക്കളോ നൽകി സഹായിക്കുന്നതിനാണല്ലോ സാധാരണയായി സ്വദഖ എന്ന് പറയുന്നത്. ഇത് സ്വദഖയുടെ ഒരു ആശയം മാത്രമാണ്. സ്വദഖയെ അതിന്റെ ഭൗതികാർഥത്തിൽ നിന്ന് ആത്മീയതലത്തിലേക്ക് കൊണ്ടുപോവുകയാണ് ഈ ഹദീസ്. അതോടെ പരിധികളില്ലാത്ത, സ്വദഖയുടെ വിശാലമായൊരു ലോകം നമ്മുടെ മുമ്പിൽ തുറക്കപ്പെടുന്നു. ആത്മാർഥമായി നിർവഹിക്കപ്പെടുന്ന എല്ലാ നന്മയും സേവനവും സ്വദഖയാണെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു. സാമ്പത്തികമോ ശാരീരികമോ മാനസികമോ ആയ സേവനങ്ങൾ നിർവഹിക്കുമ്പോഴെല്ലാം നമ്മുടെ മനസ്സിലുണ്ടാവുന്നത് കൊടുക്കലിന്റെ വികാരമാണ്. ഈ പണം/സഹായം/സ്നേഹം/സാന്ത്വനം/ആദരവ് സ്വീകരിക്കൂ എന്നാണ് നമ്മുടെ മനസ്സ് മന്ത്രിക്കുന്നത്.

എല്ലാ നന്മകളും സ്വദഖയാണെന്ന് പഠിപ്പിക്കുന്ന അനേകം നബിവചനങ്ങളുണ്ട്. പ്രയാസമനുഭവിക്കുന്നവരെ സഹായിക്കൽ, നന്മ കൽപിക്കൽ, തിന്മ വിരോധിക്കൽ, ദ്രോഹിക്കാതിരിക്കൽ, തസ്ബീഹ്, തക്ബീർ, തഹ്ലീൽ, തഹ്മീദ്, അന്ധന് വഴികാണിച്ചുകൊടുക്കൽ, അവശവിഭാഗങ്ങൾക്ക് വേണ്ടി പ്രവർത്തിക്കൽ, വാഹനത്തിൽ കയറാൻ സഹായിക്കൽ, ചരക്ക് കയറ്റാൻ സഹായിക്കൽ, വൃക്ഷത്തൈ നടൽ, കൃഷി, വഴിയിൽ നിന്ന് ഉപദ്രവങ്ങൾ നീക്കൽ തുടങ്ങിയവ വിവിധ തരം സ്വദഖകളുടെ ഉദാഹരണങ്ങളായി ഹദീസുകളിൽ കാണാം. സ്വദഖ എന്തൊക്കെയാണെന്ന് പഠിപ്പിക്കുക മാത്രമല്ല അത് ശീലമാക്കാൻ പ്രചോദിപ്പിക്കുന്നത് കൂടിയാണ് ആ ഹദീസുകൾ. കാരണം മനുഷ്യ ജീവിതത്തിൽ നന്മ ആധിപത്യം നേടുക എന്നത് ഭൂമിയിൽ സാധ്യമാവേണ്ട ഒരു സുപ്രധാന ലക്ഷ്യമാണ്. അതോടൊപ്പം സ്വദഖ എല്ലാവർക്കും സാധ്യമാണെന്ന് തെളിയിക്കുക കൂടി ചെയ്യുന്നു അവ.

വാത്സല്യനിധിയായ ഒരു പിതാവിനെപ്പോലെയാണ് പ്രവാചകൻ മനുഷ്യരോട് സംവദിക്കുന്നത്. അദ്ദേഹം കാര്യങ്ങൾ സരളമാക്കിത്തരുന്നു. മനുഷ്യർക്ക് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളുടെ സമുച്ചയമാണ് ഇസ്ലാമെന്ന് പഠിപ്പിക്കുന്നു. അങ്ങനെ അൽപം പ്രയാസം നേരിടേണ്ടി വന്നാൽ പോലും ഒന്ന് ശ്രമിച്ചുനോക്കാൻ ജനങ്ങൾക്ക് പ്രേരണ നൽകുന്നു. അത് തർബിയ്യത്തിന്റെ ഒരു ജനപ്രിയ രീതിയാണ്.

ചെറിയ നന്മകൾ ചെയ്യുമ്പോൾ അതിനെ അഭിനന്ദിക്കുകയും സമ്മാനം നൽകുകയും ചെയ്യുന്നത് വലിയ നന്മകൾക്ക് പ്രചോദനമാവുമല്ലോ. അതേസമയം നന്മയുടെ ചെറുമുകുളങ്ങളെ നിസ്സാരവത്കരിച്ചാൽ അത് വിപരീത ഫലം ഉളവാക്കുകയും ചെയ്യും. അതിനാൽ ക്രിയാത്മക ചിന്ത വളർത്തി, മനസ്സുകളെ ഉദ്ദീപ്പിക്കുകയും അതുവഴി ആളുകളെ നന്മയുടെ പ്രകാശഗോപുരങ്ങളാക്കി മാറ്റാൻ പരിശ്രമിക്കുകയുമാണ് ഈ വചനത്തിലൂടെ പ്രവാചകൻ.

ഹദീസുകളിൽ സ്വദഖയെന്ന് പരിചയപ്പെടുത്തപ്പെട്ട കാര്യങ്ങളിൽ ചിലതെങ്കിലും അതിന് യോഗ്യമാണോ എന്ന് പ്രഥമദൃഷ്ട്യാ സംശയിച്ചേക്കാം. സഹോദരനെ കാണുമ്പോൾ പുഞ്ചിരിക്കൽ ഉദാഹരണം. ഇത് അങ്ങേയറ്റം ലളിതമായ കാര്യമാണല്ലോ എന്നാണ് പ്രത്യക്ഷത്തിൽ തോന്നുക. പക്ഷേ നന്മ ശീലമാക്കുകയും അതിനോട് ആഭിമുഖ്യം കാണിക്കുകയും ചെയ്യുന്നവർക്കേ ഒരാളെ കാണുമ്പോൾ ആത്മാർഥമായി ചിരിക്കാൻ സാധിക്കുകയുള്ളൂ.

തിരിച്ചുകിട്ടിയാലും ഇല്ലെങ്കിലും അന്യോന്യം സേവനങ്ങളും സാധനങ്ങളും സമ്മാനിക്കുകയും അതുവഴി നന്മയിൽ അധിഷ്ഠിതമായ ഒരു ജനതയെ വളർത്തിയെടുക്കാൻ പരിശ്രമിക്കുകയും ചെയ്യുക മുസ്ലിംകളുടെ ബാധ്യതയാണെന്ന സന്ദേശത്തിലേക്ക് കൂടി ഈ ഹദീസ് വിരൽചൂണ്ടുന്നു. ജീവിതം ഒരു സമ്പ്രദായമാണല്ലോ. സമ്പ്രദായങ്ങൾ വ്യക്തികളിലേക്കും സമൂഹങ്ങളിലേക്കുമെല്ലാം സാവകാശമാണെങ്കിലും സംക്രമിക്കും. മനുഷ്യബന്ധങ്ങളെ ഊഷ്മളമായി നിലനിർത്തുന്ന ആത്മീയമൂല്യങ്ങളാണ് ജീവിതത്തെ ഭദ്രമാക്കുന്ന അടിസ്ഥാനഘടകം. അതിനാൽ ജീവിതം മുഴുവൻ നന്മയാവുമ്പോൾ അതിന്റെ പ്രകാശം ചുറ്റുപാടുമുള്ള അന്ധകാരങ്ങളെ ഇല്ലാതാക്കുമെന്ന് പ്രത്യാശിക്കാം. ■

(ബുഖാരിക്ക് പുറമെ ബൈഹഖിയും ത്വബ്റാനിയും ഉദ്ധരിച്ച ഈ ഹദീസ് സ്വഹീഹാണെന്ന് നാസിറുദ്ദീൻ അൽബാനി സാക്ഷ്യപ്പെടുത്തുന്നു).